NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

# TITLE: കുട്ടികളിലെ ഭാഷ വൈകല്യം (സ്പെസിഫിക് ലാംഗ്വേജ് ഇംപെയർമെൻറ്) - കണ്ടെത്തലും പരിഹാരമാർഗ്ഗങ്ങളും

Vocational Paper Series No: 2 Vol: 2017/**10**

## എന്താണ് ഭാഷ വൈകല്യം?

- ബുദ്ധിപരമായോ വൈകരികമായോ ബുദ്ധിമുട്ടുകളില്ലാതെ ഭാഷയ്ക്കു മാത്രമുണ്ടാകുന്ന വൈകല്യമാണ് ഭാഷാ വൈകല്യം. ഭാഷയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടൊഴിച്ചാൽ ഭാഷാ വൈകല്യമുള്ള കുട്ടികൾ ബുദ്ധിയുള്ളവരും മറ്റ് ആരോഗ്യപ്രശ്നങ്ങളില്ലാത്തവരും ആയിരിക്കും.ഭാഷാ വൈകല്യം ഉള്ള കുട്ടികൾ പൊതുവേ താമസിച്ചാണ് സംസാരിച്ചു തുടങ്ങുക. മിക്കവാറും 3 വയസ്സാകുമ്പോഴായിരിക്കും കുറഞ്ഞ പദസമ്പത്തും ചെറിയ വാക്യങ്ങളും ഉപയോഗിക്കുന്ന ഇത്തരക്കാരെ നമ്മൾ തിരിച്ചറിയുന്നത്. ഏഴോ എട്ടോ വയസ്സായ ഭാഷാ വൈകല്യമുള്ള കുട്ടി മൂന്നു വയസ്സായ കുട്ടികളെ പോലെ സംസാര ശബ്ദങ്ങളെ തങ്ങൾക്കാവുന്ന വിധം ലളിതമായി പറയുകയും, വ്യാകരണത്തിൽ പിശകുണ്ടാക്കുകയും ചെയ്യുന്നു.

  ഉദാ: നക്ഷത്രം നജത്രം, മഴ – മയ, ഇന്നലെ ഞാൻ പോകും

## കാരണങ്ങൾ

- ഭാഷയെ നിയന്ത്രിക്കുന്ന തലച്ചോറിൻറെ ഭാഗത്തിനു പ്രശ്നങ്ങൾ, ജനിതനക ഘടകങ്ങൾ കുട്ടിക്ക് ആവശ്യമായ അളവിൽ ഭാഷ പകർന്നു നൽകാതിരിക്കുക എന്നിവ ഭാഷ വൈകല്യത്തിലേക്ക് നയിക്കാം .

## സാധാരണ ഭാഷാ വികാസം

| | കേട്ടു മനസിലാക്കൽ | സംസാരം |
|---|---|---|
| ജനനം<br>3 മാസം | • വലിയ ശബ്ദം കേൾക്കുമ്പോൾ ഞെട്ടുക<br>• കുട്ടിയോട് സംസാരിക്കുമ്പോൾ ശ്രദ്ധിക്കുകയോ ചിരിക്കുകയോ ചെയ്യുക | • കൂ, ഗൂ ശബ്ദങ്ങൾ ഉണ്ടാക്കുക<br>• വ്യത്യസ്തരീതിയിൽ കരയുക |

| | | |
|---|---|---|
| **4-6** മാസം | • ശബ്ദം കേൾക്കുന്ന ദിശയിലേക്ക് കണ്ണുകൾ ചലിപ്പിക്കുക.<br>• ശബ്ദം ഉണ്ടാക്കുന്ന കളിപ്പാട്ടങ്ങൾ ശ്രദ്ധിക്കുക. | • കളിക്കുമ്പോൾ ശബ്ദങ്ങൾ ഉണ്ടാക്കുന്നു ഉദാ: ബ ബ ബ, ബി ബി ബി, റ്റാ റ്റാ റ്റാ റ്റാ എന്നിവ |
| **7 - 1** വയസ്സ് | • കണ്ണു പൊത്തിക്കളി, ഒളിച്ചുകളി എന്നിവ ആസ്വദിക്കുന്നു<br>• ആജ്ഞകളും അഭ്യർത്ഥനകളും മനസിലാക്കി പ്രതികരിക്കുക | • കൈവീശുക, എടുക്കാനായി കൈ പൊക്കുക.<br>• ആദ്യവാക്ക് ഒരുവയസ്സാകുമ്പോൾ |
| **1 - 2** വയസ്സ് | • ശരീരഭാഗങ്ങൾചൂണ്ടിക്കാണിക്കുക .<br>• ലഘുവായ ആജ്ഞകൾ പിൻതുടരുക<br>• പേര് പറയുമ്പോൾ ബുക്കിലെ ചിത്രങ്ങൾ കാണിക്കുക | • ഓരോ മാസവും പുതിയ വാക്കുകൾ പഠിക്കുക<br>• രണ്ട് വാക്കുകൾ അടങ്ങുന്ന ചോദ്യങ്ങൾ ചോദിക്കുക.<br>• രണ്ട് വാക്കു ചേർത്തു പറയുക<br>• 50 വാക്കിൽ കൂടുതൽ പദസമ്പത്ത് |
| **2 - 3** വയസ്സ് | • അർഥത്തിലുള്ള വ്യത്യാസം മനസിലാക്കുന്നു.(വലുത് ചെറുത്, അകത്ത് പുറത്ത്).<br>• ആജ്ഞകൾ അനുസരിക്കുന്നു.<br>ഉദാ: അടുക്കളയിൽ പോയി സ്പൂൺ എടുത്തുകൊണ്ടു വരൂ | • രണ്ടു മൂന്നു വാക്കുകൾ ചേർത്തു സംസാരിക്കുന്നു<br>• 'എന്തുകൊണ്ട്' എന്ന് ചോദിക്കുന്നു<br>• മിക്കവാറും എല്ലാ കാര്യങ്ങൾക്കുമുള്ള വാക്കുകൾ ഉപയോഗിക്കുന്നു |
| **2 - 3** വയസ്സ് | • ചില നിറങ്ങൾ, രൂപങ്ങൾ, കുടുംബംഗങ്ങൾ തുടങ്ങിയവയുടെ വാക്കുകൾ മനസിലാക്കുന്നു | |

| | | |
|---|---|---|
| **3 - 4 വയസ്സ്** | • ചില നിറങ്ങൾ, രൂപങ്ങൾ, കുടുംബംഗങ്ങൾ തുടങ്ങിയവയുടെ വാക്കുകൾ മനസിലാക്കുന്നു<br>• അടുത്ത മുറിയിൽ നിന്ന് വിളിക്കുമ്പോൾ പ്രതികരിക്കുക.<br>• സങ്കീർണമായ ആജ്ഞകൾ മനസിലാക്കുന്നു | • സ്കൂളിലെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കാൻ കൂടുതൽ വാക്കുകൾ ഉപയോഗിക്കുന്നു<br>• സർവ്വനാമം (അവൻ, അവൾ) ബഹുവചനം എന്നിവ ഉപയോഗിക്കുക |
| **4 - 5 വയസ്സ്** | • ക്രമത്തെ സൂചിപ്പിക്കുന്ന വാക്കുകളുടെ അർഥം മനസിലാകുന്നു(ആദ്യം, അടുത്തത്, അവസാനം).<br>• ഇന്നലെ, ഇന്ന്, നാളെ എന്നിവ മനസിലാക്കുന്നു<br>• വീട്ടിലും സ്കൂളിലും പറയുന്ന ഒട്ടുമിക്ക കാര്യങ്ങളും മനസിലാക്കുന്നു | • അക്ഷരങ്ങളും അക്കങ്ങളും പറയുന്നു<br>• ചെറിയ കഥ പറയുന്നു<br>• സാഹചര്യവും സ്ഥലവും അനുസരിച്ച് വ്യത്യസ്ത രീതികളിൽ സംസാരിക്കുക |

**ലക്ഷണങ്ങൾ**

സംസാരിക്കാൻ വൈകുകയും 1.5 മുതൽ 2 വയസുവരെ ഒന്നും സംസാരിക്കാതിരിക്കുകയും ചെയ്യുക,മൂന്നു വയസിൽ അർഥ ശൂന്യമായ സംഭാഷണം,വലുതാകുമ്പോൾ പുതിയ വാക്കുകൾ പഠിക്കാൻ ബുദ്ധിമുട്ട്,പരിമിതമായ പദസമ്പത്ത്, ക്രിയാപദങ്ങൾ ഉപയോഗിക്കുന്നതിൽ ബുദ്ധിമുട്ട്, ഭൂതം, ഭാവി, വർത്തമാനം എന്നിവയുടെ തെറ്റായ ഉപയോഗം,സംഭാഷണം ഇടക്കിടെ മുറിഞ്ഞു പോകുക, വാക്യം പൂർത്തീകരിക്കാനായി സംഭാഷണത്തിൻറെ ഇടയിൽ ചില വാക്കുകളും ശബ്ദങ്ങളും ഉപയോഗിക്കുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ

- **ഭാഷാ വൈകല്യത്തിൻറെ പരിണിതഫലങ്ങൾ**

എഴുതാനും വായിക്കാനും ബുദ്ധിമുട്ടുണ്ടാക്കുകയും അതുവഴി പഠനത്തിൽ പിന്നോക്കം പോകാൻ ഇടയാക്കുകയും സാമൂഹികമായ ഇടപെടലുകളെ കുറക്കുവാനും കരണമായിത്തിരുന്നു

- **പ്രത്യേക പരിശീലന രീതികളും പ്രവർത്തനങ്ങളും**

**ഇമിറ്റേഷൻ**

സാധാരണയായി ഉപയോഗിക്കാത്ത തരം വാക്കുകളും വാക്യങ്ങളും അമ്മ ഉപയോഗിച്ചാൽ അത് കുട്ടിയുടെ ഭാഷ വളർത്താൻ സഹായിക്കും

**മോഡലിംഗ്(മാതൃകകൾ നൽകൽ):**

• ശരിയായ വ്യാകരണവും പദസമ്പത്തും ഉപയോഗിച്ചു കുട്ടി പറയുന്നതിനെ തെറ്റ് തിരുത്തി പറഞ്ഞു കൊടുക്കുക.അമ്മ കൂട്ടി ചേർക്കുന്ന വാക്കുകളിൽ കൂടുതൽ ഊന്നൽ നൽകുക.

ഉദാ: കുട്ടി : അമ്മാ ബാഗ്—

അമ്മ : അമ്മയുടെ ബാഗിനു ചുമന്നനിറമാണ്—

**എക്സ്പാൻഷൻ:**

• കുട്ടി ചെയ്യുന്ന പ്രവർത്തിയെ പിന്തുടർന്ന് സംസാരിക്കുക..

ഉദാ: കുട്ടി: അമ്മേ ചപ്പാത്തി.

അമ്മ: അമ്മേ എനിക്ക് ചപ്പാത്തി വേണമെന്നു പറയൂ.

**എക്സ്ടെൻഷൻ:**

• കുട്ടിയുടെ വാചകം മുതിർന്നവർപറയുന്നതുപോലെ വിശദികരിച്ചു പറഞ്ഞു കൊടുക്കുക. ഉദാ: കുട്ടി : അമ്മ ബസ് പോയോ ?

അമ്മ : അത് ബസ് അല്ല ലോറി ആണ്.

**സെൽഫ് ടോക്ക്:**

നമ്മൾ കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതുമായ കാര്യങ്ങൾ കുഞ്ഞിൻറെ സാന്നിധ്യത്തിൽ ഉറക്കെ പറയുക

ഉദാ: സന്ദർഭം: അമ്മ പത്രം കഴുകുന്നു. ''ഞാൻ– സോപ്പും വെള്ളവും ഉപയോഗിച്ചാണ് പാത്രം കഴുകുന്നത്. കഴുകിയ ശേഷം പാത്രങ്ങൾ തുടച്ചുവെക്കുന്നു''

**പാരാലെൽ ടോക്ക്:** കുട്ടി ചെയ്യുന്ന പ്രവർത്തിയെക്കുറിച്ച് ഉറക്കെ സംസാരിക്കുക

ഉദാ: സന്ദർഭം : കുട്ടി കളിക്കുന്നു.അമ്മ : മോൻ ചുവന്ന കാറോടിച്ചാണോ കളിക്കുന്നത്. വേഗത്തിലാണോ കാർ ഓടിക്കുന്നത്. ഹോൺ അടിച്ചു കൊണ്ടാണോ കാർ ഓടിക്കുന്നത്.

**സെമാൻറിക് ക്യൂയിംഗ്:**

• ഇവിടെ അമ്മ കുട്ടിക്ക് ചില അർഥവത്തായ സൂചനകൾ നൽകുന്നതിലൂടെ പെട്ടെന്നുത്തരം പറയുവാൻ സാധിക്കുന്നു

ഉദാ: വാക്ക് : പേന, അമ്മ : അച്ഛൻറെ ഷർട്ടിൻറെ പോക്കറ്റിൽ കാണും

അമ്മ: എഴുതാൻ ഉപയോഗിക്കും

അമ്മ: പേ

കുട്ടി : പേന

**വാചകം പൂർത്തിയാക്കൽ:**

ഒരു വാചകം കുട്ടിയോട് പറയുമ്പോൾ മുഴുവൻ പറയാതെ അവസാനത്തെ വാക്ക് അവനെ കൊണ്ടു പറയിക്കാൻ ശ്രമിക്കുക.

**തെറ്റ് കണ്ടുപിടിക്കൽ:**

തെറ്റായ ക്രമത്തിൽ വാക്കുകൾ നൽകി കുട്ടിയെക്കൊണ്ട് ശരിയായ ക്രമത്തിൽ പറയിപ്പിക്കുക

ഉദാ: കുട്ടി : വേണം പേന

കുട്ടി: എനിക്ക് പേന വേണം

**ചോദ്യങ്ങൾ:**

അവൻ ചെയ്ത കാര്യങ്ങളെക്കുറിച്ചും നടന്ന സംഭവങ്ങളെ കുറിച്ചും ചോദ്യങ്ങൾ ചോദിച്ച കുട്ടിയെ കൊണ്ട് ഉത്തരം പറയിപ്പിക്കാവുന്നതാണ്.

**കഥപറച്ചിൽ:**

കാര്യങ്ങൾ ക്രമമായി ഓർക്കാനും, വിവരങ്ങൾ മനസിൽ വെക്കാനും പലതരത്തിലുള്ള വാചകങ്ങൾ ഉപയോഗിക്കാനും ഈ വിദ്യ കുട്ടിയെ സഹായിക്കുന്നു. ആദ്യം ഒരു കഥ പറഞ്ഞു കൊടുക്കുന്നു. പിന്നെ ചോദ്യങ്ങൾ ചോദിക്കുന്നു. ചോദ്യങ്ങൾ കുട്ടിയുടെ ഭാഷയ്ക്ക് അനുസരിച്ച് ആകണം.

രക്ഷിതാക്കൾക്ക് എന്ത് ചെയ്യാൻ സാധിക്കും..??

- കുഞ്ഞിനെ ശ്രദ്ധിക്കുകയും സംസാരിക്കുകയും ചെയ്യുക. കുട്ടിയോട് സംസാരിക്കുകയും വായിക്കുകയും കളിക്കുകയും ചെയ്യുക. നമുക്കറിയാവുന്ന ഭാഷയിൽ കുട്ടിയോടെ സംസാരിക്കുക. നമ്മൾ ചെയുന്നതും കുഞ്ഞു ചെയ്യുന്നതുമായ കാര്യങ്ങൾ കുഞ്ഞിനു പറഞ്ഞു കൊടുക്കുക.
- വ്യത്യസ്തമായ വാക്കുകൾ ഉപയോഗിക്കുകകുഞ്ഞ് വളരുന്നതിനനുസരിച്ച് വലിയ വലിയ വാക്യങ്ങൾ ഉപയോഗിച്ച് കുഞ്ഞുമായി സംസാരിക്കുക
- കുഞ്ഞിൻറെ സംസാരം ശ്രദ്ധിക്കുകയും അതോടു പ്രതികരിക്കുകയും ചെയ്യുക.
- കുഞ്ഞിനോട് ചോദ്യം ചോദിക്കാൻ പ്രോത്സാഹിപ്പിക്കുക.
- കുഞ്ഞിനു ഉത്തരം നല്കാൻ സമയം കൊടുക്കുക.
- ടിവി കാണാനും മറ്റു ഇലക്ട്രോണിക് ഉപകരങ്ങൾ ഉപയോഗിക്കാനും ഉള്ള സമയം കുറച്ച് കൂടുതൽ നേരം സംസാരിക്കുക.

Presenter : Ms. Sreeba Sreedhar, Audiologist, NISH, Thiruvananthapuram

Email id of the presenter : sreebasreedhar@nish.ac.in

Presented on : 21/10/2017

Phone:0471-306-6666;0471-259-6919;Fax;0471-306-6699;web:nish.ac.in,Email:nishinfo@nish.ac.in,Facebook:nishtvm